# പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.T 1754 25.03.2013 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള ട്രിബ്യൂണൽ

| ചോദ്യം<br>ശ്രീ. ഇ.പി.ജയരാജൻ:<br>,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>,, കെ.കുഞ്ഞിരാമൻ (ഉദുമ):<br>,, സി.കൃഷ്ണൻ: | | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കു വാനായി ട്രിബ്യൂണൽ സ്ഥാപിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വ്യക്ത മാക്കുമോ; | (എ) | ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷത യിൽ 25/03/2013 ന് എൻഡോസൾഫാൻ വിഷയം ചർച്ച ചെയ്യുന്നതിന് ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം കാസർഗോഡ് ജില്ലയിലെ എൻഡോ സൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നല്കുന്നതിന് ട്രിബ്യൂണൽ രൂപീകരിക്കണമെന്ന ആവശ്യത്തെപ്പറ്റിയും കമ്പനികളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാൻ സാധിക്കുമോ എന്നതിനെ സംബന്ധിച്ചും പരിശോധിക്കു ന്നതിന് നിയമ സെക്രട്ടറി കൺവീനറായും അഡ്വക്കേറ്റ് ജനറലും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും അംഗങ്ങളായി 2/4/13 ലെ ജി.ഒ. /ആർ. റ്റി. /നം. 1185/13/ H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കമ്മറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട് |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സത്യവാങ്മൂലത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശുപാർശകൾ പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തര വായിട്ടുണ്ട്. സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ദുരിത ബാധിത പട്ടികയിൽപെട്ടവരെ വിദഗ്ധ ഡോക്ടർമാർ പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, മറ്റു ശാരീരിക വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളാക്കി |

| | | |
|---|---|---|
| | | തരം തിരിക്കുകയും അതുപ്രകാരം പൂർണ്ണമായും കിടപ്പിലായ 180 പേർക്കും ബുദ്ധിമാന്ദ്യം സംഭവിച്ച 793 പേർക്കും 1.5 ലക്ഷം രൂപ വീതവും മറ്റ് ശാരീരിക വൈകല്യമുള്ള 529 പേർക്ക് 1 ലക്ഷം രൂപ വീതവും ആദ്യ ഗഡു നഷ്ടപരിഹാരം അനുവദിച്ച് നൽകിയിട്ടുണ്ട്.<br>സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ട 400 പേരുടെ ബന്ധുക്കളുടെ ബാങ്ക് അക്കൗണ്ടിൽ ആദ്യഘട്ടമായി 1.5 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്. ബാക്കിയുള്ളവരുടെ കാര്യത്തിൽ അനന്തരാവകാശികളുടെ വിവരങ്ങൾ ലഭ്യമാക്കി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്<br>ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായും കിടപ്പിലായവർ , ബുദ്ധിമാന്ദ്യം സംഭവിച്ചവർ , ശാരീരിക വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളിൽ പെട്ട 1602 പേർക്കാണ് നിലവിലുള്ള 4182 പേരുടെ പട്ടികയിൽ നിന്ന് നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**